# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് – വനിതാ വിപണന കേന്ദ്രം സ്ഥാപിക്കൽ – അനുമതി നൽകിയ സർക്കാർ ഉത്തരവിൽ 433/10 എന്ന സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 621/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 11, 2009.

---

പരാമർശം: (1) 04-03-2008-ലെ സ.ഉ. (സാധാ) നം.676/2008/ത.സ്വ.ഭ.വ.

(2) നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 18-11-2008ലെ V (16)-ാം നമ്പർ തീരുമാനം.

(3) നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11-12-2008-ലെ സി.539/08 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനായി ഇരമല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 433/11, 433/12 എന്നിവയിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അലൈൻമെന്റിൽ 433/10 എന്ന സർവ്വേ നമ്പർ കൂടി ഉൾപ്പെടുമെന്നതിനാൽ ആയത് കൂടി ഉൾപ്പെടുത്തണമെന്ന് എറണാകുളം ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2), (3) പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുക്കാൻ അനുമതി നൽകിയ പരാമർശം (1)-ലെ ഉത്തരവിൽ 433/11, 433/12 എന്നീ സർവ്വേ നമ്പരുകളോടൊപ്പം 433/10 എന്നത് കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശം (1)ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.

ജില്ലാകളക്ടർ, എറണാകുളം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.